പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1937 — 04.05. 2017 ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് വർദ്ധനവിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള വിഭാഗങ്ങൾ .

ചോദ്യം — ഉത്തരം

ശ്രീ.പാറയ്ക്കൽ അബ്ദുല്ല — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് റെഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ നിരക്ക് വർദ്ധനയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) ഉത്തരവിറക്കിയിട്ടുണ്ട്.<br>താരിഫ് പരിഷ്കരണത്തിലൂടെ ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 3.5% മുതൽ 10% വരെ വർദ്ധനവും വ്യാവസായിക ഉപഭോക്താക്കളുടെ താരിഫിൽ 3.45% മുതൽ 5.75% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ പ്രതിമാസം 250 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന 97% ഗാർഹിക ഉപഭോക്താക്കൾക്കും 5% ൽ താഴെ മാത്രമേ വർദ്ധനവ് വരുത്തിയിട്ടുള്ളൂ. |
| (ബി) ഈ നിരക്ക് വർദ്ധനവിലൂടെ വൈദ്യുതി ബോർഡിന് പ്രതിവർഷം എത്ര കോടി രൂപ അധിക വരുമാനം ലഭിക്കും; | (ബി) നിരക്ക് വർദ്ധനവിലൂടെ കെ.എസ്.ഇ.ബി ലിമിറ്റഡിന് 2017-18 ലേയ്ക്ക് 550കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. |
| (സി) നിരക്ക് വർദ്ധനവിൽ നിന്ന് ഏതെങ്കിലും വിഭാഗങ്ങളെ വൈദ്യുതി ബോർഡ് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (സി) നിരക്ക് വർദ്ധനവിൽ നിന്നും താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.<br>(i) താൽക്കാലിക കണക്ഷനുകൾ<br>(ii) കാർഷിക വിഭാഗം ഉപഭോക്താക്കൾ<br>(iii) സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ<br>(iv) ഗവൺമെന്റ് ആശുപത്രികളും അവയോടനുബന്ധിച്ച് ആരോഗ്യ മേഖലയിലുള്ള സ്ഥാപനങ്ങളും.<br>(v) ആരാധനാലയങ്ങളും മതപഠന കേന്ദ്രങ്ങളും, ആശ്രമങ്ങളും കോൺവെന്റുകളും.<br>(vi) കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള ഓഫീസുകളും സ്ഥാപനങ്ങളും.<br>(vii) വാട്ടർ അതോറിറ്റി, കെ.എസ്.ആർ.റ്റി.സി എന്നിവയുടെ ഓഫീസുകൾ<br>(viii) വക്കീലൻമാർ, ചാർട്ടേർഡ് അക്കൌണ്ടന്റുമാർ മുതലായവരുടെ ഓഫീസുകൾ<br>(ix) പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ഓഫീസുകളും പോസ്റ്റ് ഓഫീസുകളും |

(x) ബാങ്കുകൾ, റെയിൽവേ സ്റ്റേഷനുകൾ, എ.റ്റി.എം കൌണ്ടറുകൾ

(xi) അനാഥാലയങ്ങൾ, അംഗനവാടികൾ, വൃദ്ധ സദനങ്ങൾ, വായനശാലകൾ, പൊതു ശൌചാലയങ്ങൾ, ഇ-ടോയിലറ്റ്സ്

(xii) ലൈബ്രറികളും, റീഡിംഗ് റൂമുകളും

(xiii) കേബിൾ ടി.വി സ്ഥാപനങ്ങൾ, ദൂരദർശൻ/ ആകാശ വാണിയുടെ ഓഫീസുകൾ, ഇൻഷുറൻസ് കമ്പനികൾ

(xiv) നിർമ്മാണ പ്രവർത്തനങ്ങളും, കമ്പ്യൂട്ടർ ട്രെയിനിംങ് സ്ഥാപനങ്ങൾ

(xv) എല്ലാത്തരം കച്ചവട സ്ഥാപനങ്ങൾ (100 യൂണിറ്റ് വരെ പ്രതിമാസം ഉപഭോഗമുള്ള ചെറുകിട കച്ചവടക്കാർ ഒഴികെ)

(xvi) സിനിമാ തീയേറ്ററുകൾ, ആർട്സ്&സ്പോട്സ് ക്ലബുകൾ (2000 വാട്ട്സിനു മുകളിൽ കണക്റ്റഡ് ലോഡുള്ളവ

(xvii) റെയിൽവെ സ്റ്റേഷനുകൾ

(xviii) ഹൈ ടെൻഷൻ വിഭാഗത്തിലുള്ള ഗാർഹിക ഉപഭോ ക്താക്കൾ

കൂടാതെ താഴെ പറയുന്ന ഉപഭോക്താക്കളുടെ താരിഫിൽ കുറവ് വരുത്തിയിട്ടുണ്ട്.

(i) ചെറുകിട കുടിവെള്ള പദ്ധതികൾ

(ii) ഹൈ ടെൻഷൻ/എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ കോളനികൾ

(iii) നാണ്യ വിളകൾ

(iv) ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

(v) ആരോഗ്യ മേഖലയിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ

(vi) കോൾ സെന്ററുകൾ

കൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ആദ്യത്തെ 40 യൂണിറ്റിന് 35 പൈസാ നിരക്കിലും തുടർന്നുള്ള 80 യൂണിറ്റിന് (41 മുതൽ 120 യൂണിറ്റ് വരെ) 50 പൈസാ നിരക്കിലും നൽകി വന്നുകൊണ്ടിരിക്കുന്ന സബ്സിഡി തുടരുന്നു. കൂടാതെ കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസാ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകി വരുന്നു. ഇതിനുപുറമേ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ള 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള ഉപഭോക്താക്കൾക്ക് 1.50 രൂപാ നിരക്കിൽ വൈദ്യുതി നൽകി വരുന്നു. 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസം 20 യൂണിറ്റ് വരെ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി സൌജന്യമായി നൽകി വരുന്നു. കാസർഗോഡ്, ഹോസ്ദുർഗ് എന്നീ താലൂക്കുകളിലെ

| | |
|---|---|
| (ഡി)ഇതിന് മുമ്പ് ഏത് വർഷമാണ് സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവിറക്കിയത്? | എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 150 യൂണിറ്റ് വരെ താരതമ്യേന കുറഞ്ഞ നിരക്കായ 1.50 രൂപാ നിരക്കിൽ നൽകാൻ റെഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ട്.<br>(ഡി) ഇതിനുമുമ്പ്, റെഗുലേറ്ററി കമ്മീഷന്റെ 14.08.2014 ലെ ഉത്തരവു പ്രകാരം 16.08.2014 മുതൽ സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ്ജ് പുതുക്കി ഉത്തരവിറക്കിയിരുന്നു. |

,സെക്ഷൻ ഓഫീസർ